# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2827 06/02/2018-ൽ മറുപടിയ്ക്ക്

## ബിവറേജസ് കോർപ്പറേഷൻ ജീവനക്കാർക്ക് നൽകുന്ന ബോണസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.പി.അനിൽകുമാർ<br>ശ്രീ.അനിൽ അക്കര | | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | ബിവറേജസ് കോർപ്പറേഷൻ ജീവനക്കാർക്ക് എക്സ്ഗ്രേഷ്യായിനത്തിലും പെർഫോമൻസ് അലവൻസിനത്തിലും എത്ര ശതമാനം ബോണസാണ് അനുവദിച്ചത്; ഇതിലൂടെ ഒരു തൊഴിലാളിക്ക് എത്ര തുകയാണ് ശരാശരി ബോണസിനത്തിൽ ലഭിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | 2016-17 വർഷത്തെ മൊത്തം ശമ്പളത്തിന്റെ 19.25% എക്സ്ഗ്രേഷ്യയും, 10.25% പെർഫോമെൻസ് ഇൻസെന്റീവ് ആയും, ഒരു ജീവനക്കാരന് പരമാവധി അലവൻസ് 85,000/- രൂപയായി (രൂപ എൺപത്തി അയ്യായിരം) നിജപ്പെടുത്തിയും 27/08/2017-ലെ സ.ഉ(സാധാ) നം.718/2017/നി.വ. പ്രകാരം അനുവദിച്ച് നൽകിയിരുന്നു. ഇതുപ്രകാരം ഒരു തൊഴിലാളിയ്ക്ക് ശരാശരി 68,374.82/- (അറുപത്തി എട്ടായിരത്തി മുന്നൂറ്റി എഴുപത്തി നാല് രൂപ എൺപത്തി രണ്ട് പൈസ) രൂപ ബോണസ് ഇനത്തിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | വൻതുക ബോണസായി നൽകുന്നതിൽ എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ട് ധനകാര്യ മന്ത്രി കത്ത് നൽകിയിരുന്നോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിൽ ചൂണ്ടി കാണിച്ചിരുന്ന വസ്തുതകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | ബി) | ഉണ്ട്.<br>ബോണസും ഫെസ്റ്റിവൽ അലവൻസുമായി 80000/-രൂപയോളം നല്കുന്നത് തെറ്റായ സന്ദേശമായിരിക്കു മെന്നും മറ്റുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇതൊരു പ്രോത്സാഹനമായിരിക്കുമെന്നും അതിനാൽ 50000 രൂപയ്ക്കകത്ത് നിൽക്കത്തക്കരീതിയിൽ മിതമായ നിരക്കിൽ ബോണസും ഉത്സവബത്തയും |

നല്കുന്നതിനുള്ള നിർദ്ദേശം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനു നല്കണമെന്നും നിർദ്ദേശിച്ചിരുന്നു.

(സി) കെ.എസ്.ആർ.ടി.സി, സിവിൽ സപ്ലൈസ് തുടങ്ങിയ മേഖലയിലെ തൊഴിലാളികൾക്ക് തുച്ഛമായ ബോണസ് അനുവദിക്കുമ്പോൾ ബിവറേജസ് ജീവനക്കാർക്ക് ഏറ്റവും കൂടുതൽ ബോണസ് നൽകുന്നത് നീതീകരിക്കത്തക്കതാണോ; അല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നിയന്ത്രണം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

(സി) ബിവറേജസ് കോർപ്പറേഷന്റെ പ്രതിവർഷ ലാഭനിരക്ക് അടിസ്ഥാനമാക്കിയാണ് ജീവനക്കാർക്ക് ഉത്സവകാല ആനുകൂല്യം നൽകിവരുന്നത്. ഇക്കാര്യത്തിൽ നിയന്ത്രണംകൊണ്ടുവരുന്ന കാര്യം പരിശോധിച്ചിട്ടില്ല.

Sreedevi

സെക്ഷൻ ഓഫീസർ